# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4941 04.07.2012 -ൽ മറുപടിയ്ക്ക്

## ചെക്ക്പോസ്റ്റുകളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് നികുതി വെട്ടിപ്പ് തടയാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | അയൽ സംസ്ഥാനങ്ങളിൽ നിന്നും നികുതി വെട്ടിച്ച് സാധനങ്ങൾ കൊണ്ടുവരുന്നത് നിയന്ത്രിക്കാൻ ചെക്ക്പോസ്റ്റുകളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | അയൽ സംസ്ഥാനങ്ങളിൽ നിന്നും നികുതി വെട്ടിച്ച് സാധനങ്ങൾ കൊണ്ടുവരുന്നത് നിയന്ത്രിക്കാൻ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ കർശന പരിശോധന നടത്തുന്നുണ്ട്. സംസ്ഥാനത്തെ ഏകദേശം എല്ലാ ചെക്ക്പോസ്റ്റുകളും കമ്പ്യൂട്ടർവത്കരിച്ചു. ചെക്ക്പോസ്റ്റുകളിലൂടെ സംസ്ഥാനത്തിനകത്ത് കൊണ്ടുവരുന്ന ചരക്കുകളുടെ വിശദവിവരം ലഭ്യമാകുന്ന രീതിയിൽ ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കി. ചെക്ക്പോസ്റ്റുകളിലൂടെ കടന്നുപോകുന്ന ചരക്കുവാഹനങ്ങളെ കുറിച്ചുള്ള വിവരം തത്സമയം വ്യാപാരികളെ അറിയിക്കുന്നതിനുള്ള എസ്.എം.എസ്. അലർട്ട് സംവിധാനം നടപ്പിലാക്കി. പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ വെയ്ബ്രിഡ്ജുകൾ സ്ഥാപിച്ചു. അമരവിളയിൽ സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുകയും സി.സി.ടി.വി. സംവിധാനം നടപ്പിലാക്കുകയും ചെയ്തു. സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം മറ്റു പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>(.....................2) |

| | | | |
|---|---|---|---|
| (ബി) | ഏതൊക്കെ ചെക്ക്പോസ്റ്റുകളിലാണ് ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് നികുതി വെട്ടിപ്പ് തടയാൻ നടപടി സ്വീകരിച്ചിട്ടുള്ളത്; | (ബി) | സംസ്ഥാനത്തെ പ്രധാന ചെക്ക് പോസ്റ്റുകളായ വാളയാർ, ബംഗ്ര മഞ്ചേശ്വരം, മീനാക്ഷിപുരം, നടുപ്പുണ്ണി, ഗോപാലപുരം, ഗോവിന്ദപുരം, കൂട്ടുപ്പുഴ തുടങ്ങിയ ചെക്ക്പോസ്റ്റുകളിൽ വെയ് ബ്രിഡ്ജുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ 35 ചെക്ക് പോസ്റ്റുകൾ കമ്പ്യൂട്ടർവത്ക്കരിച്ച് ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കി. അമരവിളയിൽ സി.സി.ടി.വി സംവിധാനം സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു വരുന്നു. അമരവിള, വാളയാർ, മുത്തങ്ങ, ആര്യങ്കാവ്, മഞ്ചേശ്വരം തുടങ്ങിയ ചെക്ക്പോസ്റ്റുകൾ ആധുനികവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം നികുതി വെട്ടിപ്പു വഴി എത്ര കോടി രൂപയുടെ നികുതി ചോർച്ച ഉണ്ടായിട്ടുണ്ട്? | (സി) | നികുതി ചോർച്ച ഉണ്ടായിട്ടുള്ളതായി കാണപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ